**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 483** **10-02-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെൻഷൻ വിതരണത്തിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി നാളിതുവരെ എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപ അടച്ചു തീർത്തെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി നാളിതുവരെ 41,275.84 കോടി രൂപ വായ്പ എടുക്കുകയും ആയതിൽ 27,728.69 കോടി രൂപ തിരിച്ചടവ് നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നാളിതുവരെ പ്രസ്തുത കമ്പനിക്ക് സർക്കാർ എത്ര തുക നൽകിയെന്നും ഇനി എത്ര നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | സർക്കാർ നാളിതുവരെ കമ്പനിക്ക് 49,300.86 കോടി രൂപ നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 10,729 കോടി രൂപയിൽ നിന്ന് 9,700.01 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര ശതമാനം പലിശയ്ക്കാണ് പ്രസ്തുത കമ്പനി വായ്പകൾ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ? | (സി) | കെ.എസ്.എഫ്.ഇ, കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്ന് 8.80% മുതൽ 9.70% വരെയുള്ള വ്യത്യസ്ത പലിശ നിരക്കിലാണ് കമ്പനി വായ്പകൾ സമാഹരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ